ഫത്‌വ

# അവയവദാനം അനുവദനീയം

***ജീവിച്ചിരിക്കുന്ന വ്യക്തിയുടെ അവയവം ദാനം ചെയ്യൽ അനുവദനീയമാണോ?***

**ഉത്തരം: ഡോ. യൂസുഫുൽ ഖറദാവി**

**അല്ലാഹു** ഏൽപിച്ച സൂക്ഷിപ്പുസ്വത്താണ് ശരീരം. അതിൽ യാതൊരു പോറലും ഏൽപിക്കാൻ പാടില്ല. എന്നാൽ, സമ്പത്തുപോലെ അതിൽനിന്ന് പ്രയോജനം എടുക്കുന്നതും ദാനം ചെയ്യുന്നതും അനുവദനീയമാണ്. അല്ലാഹുവിന് അവകാശപ്പെട്ടതാണല്ലോ ധനം. "അല്ലാഹു നൽകിയ സമ്പത്തിൽനിന്ന് നിങ്ങൾ അവർക്ക് നൽകുക" (ഖുർആൻ 24:33). എന്നിട്ടും ധനം കൈവശംവെക്കാനും ചെലവാക്കാനുമുള്ള താൽക്കാലിക അവകാശം അല്ലാഹു മനുഷ്യന് നൽകിയിരിക്കുന്നു. മറ്റുള്ളവരുടെ പ്രയോജനത്തിന് സമ്പത്ത് ദാനം ചെയ്യുന്നത് അനുവദനീയമായതുപോലെ അവയവദാനവും അനുവദനീയമാണ്. എന്നാൽ ഇവ രണ്ടിനുമിടയിൽ ഒരു വ്യത്യസം ഉണ്ട്. സമ്പത്ത് മുഴുവൻ ദാനധർമം ചെയ്യാം. ശരീരം അങ്ങനെ ചെയ്യുന്നത് അനുവദനീയമല്ല.

പ്രയാസത്തിൽനിന്നും വേദനയിൽനിന്നും രോഗിയെ ജീവൻ പണയപ്പെടുത്തി രക്ഷപ്പെടുത്തുന്നതിൽ തെറ്റില്ലല്ലോ. തീയിലകപ്പെട്ടവനെ രക്ഷിക്കാൻ തീയിലേക്കും വെള്ളത്തിലകപ്പെട്ടവനെ രക്ഷിക്കാൻ വെള്ളത്തിലേക്കും ചാടുന്നതിൽ കുഴപ്പമില്ലല്ലോ. എങ്കിൽ അവശ്യ സന്ദർഭത്തിൽ അവയവം ദാനം ചെയ്യുന്നതിൽ എന്താണ് തെറ്റ്? രക്തദാനം നമുക്കിടയിൽ വ്യാപകമാണല്ലോ. ശരീരത്തിന്റെ ഒരംശം തന്നെയാണല്ലോ രക്തം. പണ്ഡിതന്മാർ രക്തദാനം വിലക്കിയിട്ടില്ല. പ്രോത്സാഹിപ്പിക്കുകയാണ് ചെയ്തത്.

ഇസ്‌ലാമിക ശരീഅത്തിലെ അടിസ്ഥാന തത്ത്വം ഇപ്രകാരമാണ്: "സാധ്യമായത്ര പീഡനം ദൂരീകരിക്കണം." ഇതിന്റെ അടിസ്ഥാനത്തിൽ വേദനിക്കുന്നവന് സഹായം നൽകൽ, മുറിവേറ്റവന് ചികിത്സ നൽകൽ, വിശക്കുന്നവന് ഭക്ഷണം നൽകൽ, രോഗിക്ക് മരുന്ന് നൽകൽ തുടങ്ങിയവ ശരീഅത്തിൽ സാധുതയുള്ളവയാണ്. വ്യക്തിക്കോ സമൂഹത്തിനോ പ്രയാസങ്ങൾ ഉണ്ടാവുമ്പോൾ കഴിയും വിധം അവ പരിഹരിക്കാൻ ശ്രമിക്കണം. വൃക്ക നഷ്ടപ്പെട്ട് ഒരാൾ യാതന അനുഭവിക്കുമ്പോൾ മറ്റൊരാൾ തന്റെ വൃക്കകളിലൊന്ന് ദാനം ചെയ്ത് സഹായിക്കുന്നത് അനുവദനീയം മാത്രമല്ല പ്രശംസനീയവുമാകുന്നു. അയാൾ പ്രതിഫലാർഹനുമാകുന്നു. കാരണം അയാൾ ഭൂമിയിലുള്ളവരോട് കാരുണ്യം കാട്ടിയതിനാൽ ആകാശത്തുള്ളവന്റെ കാരുണ്യത്തിനർഹനായിരിക്കുന്നു.

ധനത്തിൽ മാത്രം ദാനധർമം പരിമിതപ്പെടുത്തുന്നില്ല ഇസ്‌ലാം. എല്ലാറ്റിലും ദാനധർമം നിശ്ചയിച്ചിട്ടുണ്ട്. അവയവത്തിനും അത് ബാധകമാണ്. ദാനധർമങ്ങളിൽ ഏറ്റം പുണ്യകരമായതാണ് അവയവദാനം. കാരണം സമ്പത്തിനേക്കാൾ മൂല്യമുള്ളവയാണ് അവയവങ്ങൾ. എന്തു വില നൽകിയും അവയവങ്ങളെ സംരക്ഷിക്കും. അങ്ങനെയുള്ള അവയവം അല്ലാഹുവിനെ ഓർത്ത് വ്യയം ചെയ്യുന്നത് മഹത്തായ ദാനവും ശ്രേഷ്ഠമായ പുണ്യവുമാകുന്നു.

അവയവദാനം നിരുപാധികം അനുവദനീയമല്ല. ഉപാധികൾക്കും വ്യവസ്ഥകൾക്കും വിധേയമാണ് അത്. തനിക്കോ തന്റെ സംരക്ഷണയിലുള്ളവർക്കോ ഏറെ പ്രയാസങ്ങൾ വരുത്തിവെക്കുന്ന അവയവദാനം പാടില്ല. കരൾ, ഹൃദയം പോലുള്ള ഏക അവയവങ്ങളും ദാനം ചെയ്യാൻ പാടില്ല. കാരണം ദാതാവിന്റെ ജീവൻ നിലനിൽക്കുന്നത് അവയെ ആശ്രയിച്ചാണ്. ഒരു ദുരിതം സ്വയം ഏറ്റുവാങ്ങിക്കൊണ്ട് അതിൽനിന്ന് മറ്റുള്ളവരെ രക്ഷിക്കേണ്ടതില്ല. 'പീഡനം ദൂരീകരിക്കപ്പെടണം' എന്ന തത്ത്വമുണ്ടെന്നത് ശരിയാണ്. എന്നാൽ 'ദുരിതം കൊണ്ട് ദുരിതനിവാരണം പാടില്ല' എന്ന ഒരു ഉപാധിയുണ്ട് അതിന്. പണ്ഡിതന്മാർ വിശദീകരിക്കുന്നു: "ഒരു ദുരിതം സമാനമോ അതിനേക്കാൾ വലിയതോ ആയ ദുരിതം കൊണ്ട് പരിഹരിക്കാവതല്ല."

അതിനാൽ കണ്ണ്, കൈകാലുകൾ തുടങ്ങിയവയുടെ ദാനം അനുവദനീയമല്ല. കാരണം അത് ദാതാവിന് ദുരിതവും വൈകല്യവും ഉണ്ടാക്കും. ഇരട്ടയായ ആന്തരികാവയവങ്ങളിൽ ഒന്ന് പ്രവർത്തനരഹിതമായിരിക്കെ മറ്റേത് ദാനം ചെയ്യുന്നതും അനുവദനീയമല്ല. അത്തരം സന്ദർഭങ്ങളിൽ ഇരട്ട അവയവത്തിന് ഏക അവയവത്തിന്റെ വിധിയാണ്.

മറ്റൊരാളുടെ സംരക്ഷണയിൽ കഴിയുന്ന ഭാര്യ, സന്താനം പോലുള്ളവർക്ക് രക്ഷിതാവിന്റെ അനുവാദമില്ലാതെ അവയവദാനം പാടില്ല. ഒരിക്കൽ ഒരു സ്ത്രീ എന്നോട് ചോദിച്ചു: "തന്റെ വൃക്കകളിലൊന്ന് സഹോദരിക്ക് ദാനം ചെയ്യാനുദ്ദേശിക്കുന്നു. ഭർത്താവ് അതിനനുവദിക്കുന്നില്ല. അപ്പോൾ ഭർത്താവിന്റെ സമ്മതമില്ലാതെ വൃക്കദാനം പാടുണ്ടോ?" "ഭർത്താവിന് ഭാര്യയുടെ സംരക്ഷണച്ചുമതലയുണ്ട്. അവൾ വൃക്കദാനത്തിലേർപ്പെട്ടാൽ ശസ്ത്രക്രിയ വേണ്ടിവരും. ആശുപത്രിയിൽ പ്രവേശിപ്പിക്കേണ്ടിവരും. അപ്പോഴൊക്കെ അവളെ സംരക്ഷിക്കേണ്ട ബാധ്യത ഭർത്താവിനാണ്. അനന്തരം ഉണ്ടാകുന്ന പ്രയാസങ്ങളിലും അയാളാണവളെ സംരക്ഷിക്കേണ്ടത്. അതിനാൽ ഭർത്താവിന്റെ അനുവാദമില്ലാതെ അവയവദാനം പാടില്ല." ഞാൻ മറുപടി നൽകി.

ബുദ്ധിയും വിവേകവുമുള്ളവർക്കേ അവയവദാനത്തിലേർപ്പെടാൻ അനുവാദമുള്ളൂ. കുട്ടികളും ചിത്തഭ്രമമുള്ളവരും അവയവദാനത്തിൽ ഏർപ്പെടരുത്. കുട്ടികളുടെയും മറ്റും അവയവം അവരുടെ അറിവോ സമ്മതമോ ഇല്ലാതെ രക്ഷാധികാരി ദാനം ചെയ്യുന്നതും അനുവദനീയമല്ല. അവരുടെ സമ്പത്ത് ദാനം ചെയ്യാൻ പാടില്ലെന്ന കാര്യം സർവാംഗീകൃതമാണല്ലോ. സമ്പത്തിനേക്കാൾ ഗൗരവം അർഹിക്കുന്നു അവയവം. ■